ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററുകളിൽ കൃത്യമായി പരീക്ഷ നടത്താൻ നടപടി

152 [751] ശ്രീ. സ്റ്റീഫൻ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ കീഴിൽ എത്ര ട്രെയിനിംഗ് സെന്ററുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ട്രെയിനിംഗ് സെന്ററുകളിൽ കമ്പ്യൂട്ടർ പഠനത്തിനായി നിലവിൽ എത്ര കോഴ്സുകളാണ് ഉള്ളത്;

(സി) ഈ സെന്ററുകളിൽ പരിശീലനം നേടുന്നവർക്ക് യഥാസമയം പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ അനാസ്ഥ കാട്ടുന്നതിനെക്കുറിച്ച് അന്വേഷിക്കാമോ;

(ഡി) യഥാസമയം പരീക്ഷ നടത്തുവാനും പരിശീലകർക്ക് സർട്ടിഫിക്കറ്റ് നൽകുവാനും ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 16 (പതിനാറ്).

(ബി) 19 (പത്തൊൻപത്).

(സി)യും (ഡി)യും സെന്റർ നടത്തുന്ന പരീക്ഷകൾക്ക് കൃത്യസമയത്ത് തന്നെ ഫലം പ്രഖ്യാപിച്ച് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ആറുമാസക്കാലം സർട്ടിഫിക്കറ്റ് കോഴ്സുകളുടേയും, ഒന്നര വർഷക്കാല പി. ജി. ഡി. സി. എ. കോഴ്സുകളുടെയും പരീക്ഷ നടത്തുന്നത് സാങ്കേതിക പരീക്ഷാ കൺട്രോളറാണ്. ഈ പരീക്ഷകൾ നടത്തുന്നതിലും, സർട്ടിഫിക്കറ്റ് നൽകുന്നതിലും കാലതാമസം ഉണ്ടാവാറുണ്ട്. ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്.

തൃപ്പൂണിത്തുറ ആർ. എൽ. വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സിലെ അദ്ധ്യാപക ഒഴിവുകൾ നികത്താൻ സത്വര നടപടി

153 [752] ശ്രീ. സി. മോയിൻകുട്ടി:

,, പി. കെ. കെ. ബാവ:

,, സി. മമ്മൂട്ടി:

,, കളത്തിൽ അബ്ദുള്ള:

,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാളിജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന്റെ കീഴിൽ തൃപ്പൂണിത്തുറ ആർ. എൽ. വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സിൽ എത്തെല്ലാം ഡിഗ്രി, പി. ജി. കോഴ്സുകൾ നടത്തുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly